പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2379 — 8-12-2015 ൽ മറുപടിക്ക്

## പ്രൊഫഷണൽ മാനേജ്മെന്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ജെയിംസ് മാത്യു** | | **ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ മാനേജ്മെന്റ് ഏർപ്പെടുത്തുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഏതെല്ലാം പൊതുമേഖലാ സ്ഥാപനത്തിലാണ് നടപ്പിലാക്കിയതെന്നും അക്കാരണത്താൽ മെച്ചപ്പെട്ട ഏതെല്ലാം പ്രവർത്തനങ്ങളാണ് ഉണ്ടായതെന്നും വ്യക്തമാക്കുമോ; | യും (ബി) യും | സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രൊഫഷണൽ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി മാനേജിംഗ് ഡയറക്ടർമാർ, മറ്റ് ഉന്നത ഉദ്യോഗസ്ഥർ മുതലായ തസ്തികകളിൽ പ്രൊഫഷണൽ യോഗ്യതയുള്ള വരെയാണ് നിയമിച്ചുവരുന്നത്. സ്ഥാപനങ്ങളുടെ പ്രവർത്തന മേഖല കണക്കിലെടുത്ത് ഡയറക്ടർ ബോർഡ് തലത്തിലും വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കാറുണ്ട്. മാനേജിംഗ് ഡയറക്ടർമാരെ അതാത് മേഖലയിലുള്ള പ്രൊഫഷണൽ മാനേജ്മെന്റ് വൈദഗ്ദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ നേരിട്ടും, റിയാബ് മുഖേന സുതാര്യമായ തിരഞ്ഞെടുപ്പ് നടപടിക്രമത്തിലൂടെയുമാണ് നിയമിച്ചുവരുന്നത്.<br><br>ഓരോ സ്ഥാപനങ്ങളിലും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മികവുറ്റ ഉൽപ്പാദന സംവിധാനങ്ങൾ, കാലാനുസൃതമായ സങ്കേതികവിദ്യയുടെ നടപ്പാക്കൽ, വിപണി വിപുലീകരിക്കുന്നതിനും ഉൽപ്പാദനം കൂട്ടുന്നതിനും ആവശ്യമായ നടപടികൾ, |

നൂതനമായ സാങ്കേതിക വിദ്യയിലൂടെ കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം എന്നിവ കാര്യക്ഷമമായും സമയബന്ധിതമായും പൂർത്തീകരിച്ച് നടപ്പിലാക്കുന്നത് നിലവിലുള്ള പ്രൊഫഷണൽ മാനേജ്മെൻറ് സംവിധാനം മുഖേനയാണ്.

(സി) പ്രസ്തുതയിടങ്ങളിൽ മെച്ചപ്പെട്ട പ്രൊഫഷണൽ മാനേജ്മെന്റ് സംവിധാനം കൈവരുന്നതിന് സാദ്ധ്യമായില്ലെന്നും അഴിമതിക്കാരും ദുർവ്യയക്കാരുമാണ് നിയമിതരായതെന്നുമുള്ള ആരോപണത്തിൽ നിലപാട് വ്യക്തമാക്കുമോ ?

(സി) ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

Manu

സെക്ഷൻ ഓഫീസർ